# സത്യമായ സ്നേഹിയായി സർവ്വ ഭാരങ്ങളും ബാബയ്ക്ക് നൽകി ആഹ്ളാദത്തിന്റെ അനുഭവം ചെയ്യൂ, പ്രയത്നങ്ങളിൽ നിന്നും മുക്തമാകൂ.

ഇന്ന് ബാപ്ദാദ തന്റെ നാനാഭാഗത്തെയും നിശ്ചിന്ത ചക്രവർത്തിമാരായ കുട്ടികളുടെ സംഘടനയാണ് കണ്ടുകൊണ്ടിരിക്കുന്നത്. ചക്രവർത്തിമാരുടെ ഇത്രയും വലിയ സദസ്സ് മുഴുവൻ കല്പത്തിലും ഈ സംഗമത്തിന്റെ സമയത്താണ് നടക്കുന്നത്. സ്വർഗ്ഗത്തിലും ചക്രവർത്തിമാരുടെ ഇത്രയും വലിയ സദസ്സ് ഉണ്ടാകില്ല. ഇപ്പോൾ ബാപ്ദാദ എല്ലാ ചക്രവർത്തിമാരുടെ സദസ്സ് കണ്ട് സന്തോഷിക്കുകയാണ്. ദൂരെയുള്ളവരും ഹൃദയത്തിന്റെ സമീപത്ത് കാണപ്പെടുന്നു. നിങ്ങൾ നയങ്ങളിൽ ലയിച്ചിരിക്കുന്നവരാണ്. അവർ ഹൃദയത്തിൽ ലയിച്ചിരിക്കുന്നവരാണ്. എത്ര സുന്ദരമായ സദസ്സാണ്. ഇന്നത്തെ വിശേഷ ദിവസത്തിൽ എല്ലാവരുടെയും മുഖത്ത് അവ്യക്ത സ്ഥിതിയുടെ സ്മൃതിയുടെ തിളക്കമാണ് കാണപ്പെടുന്നത്. എല്ലാവരുടെയും ഹൃദയത്തിൽ ബ്രഹ്മബാബയുടെ സ്മൃതിയാണ് അടങ്ങിയിട്ടുള്ളത്. ആദി ദേവനായ ബ്രഹ്മബാബയും ശിവബാബയും രണ്ടു പേരും സർവ കുട്ടികളെയും കണ്ട് സന്തോഷിക്കുകയാണ്.

ഇന്ന് രാവിലെ രണ്ട് മണിമുതൽ ബാപ്ദാദയുടെ കഴുത്തിൽ വ്യത്യസ്ത പ്രകാരത്തിലുള മാലകൾ ഉണ്ടായിരുന്നു. ഈ പുഷ്പങ്ങളുടെ മാല സാധാരണ ഉള്ളതാണ്. വജ്രങ്ങളുടെ മാല സാധാരണ കാര്യമല്ല, സ്നേഹത്തിന്റെ അമൂല്യമായ മുത്തുകളുടെ മാല അതീവ ശ്രേഷ്ഠമായതാണ്. ഓരോ കുട്ടികളുടെയും ഹൃദയത്തിൽ ഇന്നത്തെ ദിവസം വിശേഷമായും സ്നേഹം ഇമെർജ് ആയിരുന്നു. ബാപ്ദാദയുടെയടുത്ത് വിശേഷമായും നാല് പ്രകാരത്തിലുള്ള വ്യത്യസ്ത മാലകൾ ഇമെർജ്ജ് ആയിരുന്നു. ഒന്നാമത്തേത് ശ്രേഷ്ഠ കുട്ടികളുടെ ആരാണോ ബാബയ്ക്ക് സമാനമാകുന്നതിന്റെ ശ്രേഷ്ഠ പുരുഷാർത്ഥികളായ കുട്ടികൾ, അങ്ങനെയുള്ള കുട്ടികൾ മാലയുടെ രൂപത്തിൽ ബാബയുടെ കഴുത്തിൽ കോർക്കപ്പെട്ടിരുന്നു. ആദ്യത്തെ മാല ഏറ്റവും ചെറുതായിരുന്നു. രണ്ടാമത്തെ മാലയാണ് ഹൃദയത്തിന്റെ സ്നേഹത്തിൽ സമീപരും സമാനരുമാകുന്ന പുരുഷാർത്ഥികളായ കുട്ടികളുടെ മാല. അവർ ശ്രേഷ്ഠ പുരുഷാർത്ഥികളും ഇവർ പുരുഷാർത്ഥികളുമാണ്. മൂന്നാമത്തെ മാല വലുതായിരുന്നു സ്നേഹികളും ആയിരുന്നു, സേവനത്തിൽ ബാബയുടെ കൂട്ടുകാരായിരുന്നു, ചിലപ്പോൾ തീവ്ര പരുഷാർത്ഥികളും, ഇടയ്ക്ക് കൊടുങ്കാറ്റുകൾ ഇടയ്ക്കിടയ്ക്ക് കൂടുതലായി നേരിടുന്നവർ. ആഗ്രഹിക്കുന്നവരാണ്, സമ്പന്നമാകുന്നതിന്റെ ആഗ്രഹം വളരെ നല്ലതായി ഉണ്ട്. നാലാമത്തെ മാലയാണ് പരാതികളുടേത്. വ്യത്യസ്ത പ്രകാരത്തിലെ കുട്ടികളുടെ അവ്യക്ത ഫരിശ്തയുടെ മുഖത്തിന്റെ രൂപത്തിലുള്ള മാലകൾ ഉണ്ടായിരുന്നു. ബാപ്ദാദ വ്യത്യസ്തമായ മാലകൾ കണ്ട് സന്തോഷിക്കുന്നുണ്ടായിരുന്നു, സ്നേഹവും സകാശും ഒരുമിച്ച് നൽകുന്നുണ്ടായിരുന്നു. ഇപ്പോൾ നിങ്ങൾ എല്ലാവരും സ്വയം ചിന്തിക്കൂ ഞാൻ ആരാണ്? നാനാഭാഗത്തേയും കുട്ടികൾക്ക് വർത്തമാന സമയത്ത് വിശേഷ സങ്കൽപം ഇമെർജ്ജ് ആണ്, ഇപ്പോൾ എന്തെങ്കിലും ചെയ്യണം. കൂടുതൽ പേർക്കും ഈ ഉന്മേഷവും ഉത്സാഹവും സങ്കല്പത്തിന്റെ രൂപത്തിൽ ഉണ്ട്. സ്വരൂപത്തിൽ നമ്പർ വാർ ആണ്, പക്ഷെ സങ്കല്പത്തിൽ ഉണ്ട്.

ബാപ്ദാദ എല്ലാ കുട്ടികൾക്കും ഇന്ന് സ്നേഹത്തിന്റെ ദിവസത്തിന്റെ, സ്മൃതിയുടെ ദിവസത്തിന്റെ സമർത്ഥിയുടെ ദിവസത്തിന്റെ വിശേഷമായ ഹൃദയത്തിന്റെ ആശിർവ്വാദങ്ങളും, ഹൃദയത്തിൽ നിന്നുള്ള ആശംസകളും നൽകുകയാണ്. ഇന്ന് വിശേഷിച്ച് സ്നേഹത്തിന്റെ ദിവസമായത്കാരണം കൂടുതൽ പേരും സ്നേഹത്തിൽ ലയിച്ചിരിക്കുകയാണ്. അങ്ങനെയുള്ള പുരുഷാർത്ഥത്തിൽ സദാ സ്നേഹത്തിൽ ലയിച്ചിരിക്കൂ. ലൗലീനരായിരിക്കുന്നതിനുള്ള സഹജമായ മാർഗ്ഗമാണ് സ്നേഹം, ഹൃദയത്തിൽ നിന്നുള്ള സ്നേഹം. ബാബയുടെ പരിചയത്തിന്റെ സ്മൃതിയോടെയുള്ള സ്നേഹം. ബാബയുടെ പ്രാപ്തികളുടെ സ്നേഹസമ്പന്നമായ സ്നേഹം. സ്നേഹം വളരെ സഹജമായ സാധനമാണ്. കാരണം സ്നേഹി ആത്മാക്കൾ പ്രയത്നത്തിൽ നിന്നും രക്ഷപ്പെടുന്നു. സ്നേഹത്തിൽ ലയിച്ചിരിക്കുന്നവരുടെ ശ്രദ്ധ, സ്നേഹത്തിൽ ലയിച്ചിരിക്കുന്നത് കാരണം ഏതെങ്കിലും പ്രകാരത്തിലെ വിനോദത്തിന്റെ രൂപത്തിൽ അനുഭവമാകും. സ്നേഹികൾ സ്വതവേ ദേഹത്തിന്റെ ബോധം, ദേഹത്തിന്റെ സംബന്ധങ്ങളുടെ ശ്രദ്ധയിൽ നിന്ന് ഉപരിയായി സ്നേഹത്തിൽ സ്വതവേ ലയിച്ചിരിക്കുകയാണ്. ഹൃദയത്തിന്റെ സ്നേഹം, ബാബയുടെ സമീപതയുടെയും, കൂട്ടിന്റെയും, സമാനതയുടെയും അനുഭവം ചെയ്യിപ്പിക്കുന്നതാണ്. സ്നേഹികൾ സദാ സ്വയം ആശീർവ്വാദങ്ങളുടെ പാത്രമാണെന്നു മനസിലാക്കുന്നു. സ്നേഹം അസംഭവ്യത്തെയും സംഭവ്യമാക്കിമാറ്റുന്നു. സദാ തന്റെ മസ്തകത്തിൽ, ശിരസ്സിൽ ബാബയുടെ സഹയോഗത്തിന്റെയും, സ്നേഹത്തിന്റെയും കൈ ഉള്ളതായി അനുഭവം ചെയ്യുന്നു. നിശ്ചയ ബുദ്ധിയും നിശ്ചിന്തരുമായിരിക്കുന്നു. ആദി സ്ഥാപനയുടെ സമയത്തുള്ള കുട്ടികളായ നിങ്ങൾ എല്ലാവർക്കും ആദിയിലെ സമയത്തിന്റെ അനുഭവം ഉണ്ട്, ഇപ്പോഴും സേവനത്തിന്റെ ആദിയിൽ നിമിത്തമായിരിക്കുന്ന കുട്ടികൾക്ക് അനുഭവം

ഉണ്ട്, ആദിയിൽ എല്ലാ കുട്ടികൾക്കും ബാബയെ കിട്ടി, ആ സ്മൃതിയിലൂടെ സ്നേഹത്തിന്റെ ലഹരി എത്രയുണ്ടായിരുന്നു. ജ്ഞാനം കിട്ടിയത് പിന്നീടാണ് ഏറ്റവുമാദ്യത്തെ ലഹരി സ്നേഹത്തിൽ ലയിച്ചിരിക്കുന്നതിന്റേതായിരുന്നു. ബാബ സ്നേഹത്തിന്റെ സാഗരമാണ്, കൂടുതൽ കുട്ടികളും ആദിമുതൽ സ്നേഹത്തിൽ ലയിച്ചിരിക്കുകയാണ്, പുരുഷാർത്ഥത്തിന്റെ മാർഗ്ഗത്തിൽ വളരെ വേഗത്തിൽ നടന്നു. ചില കുട്ടികൾ സ്നേഹത്തിന്റെ സാഗരത്തിൽ ലയിച്ച് പോകുന്നു, ചിലർ മുങ്ങുക മാത്രം ചെയ്തിട്ട് പുറത്തേയ്ക്ക് വരുന്നു അതിനാൽ ലയിച്ചിരിക്കുന്ന കുട്ടികൾക്ക് എത്രമാത്രം പരിശ്രമം കുറവായി തോന്നുന്നുണ്ടോ അത്രയും അവർക്ക് ഇല്ല. ചിലപ്പോൾ പ്രയത്നത്തിൽ ചിലപ്പോൾ സ്നേഹത്തിൽ രണ്ടിലും ഇരിക്കുന്നു. എന്നാൽ ആരാണോ സ്നേഹത്തിൽ ലൗലീനമായിരിക്കുന്നത് അവർ സദാ സ്വയം ഛത്രഛായയുടെ ഉള്ളിൽ ഇരിക്കുന്ന അനുഭവം ചെയ്യും. ഹൃദയത്തിന്റെ സ്നേഹികളായ കുട്ടികൾ പരിശ്രമവും സ്നേഹമായി മാറ്റുന്നു. അവരുടെ മുന്നിൽ പർവ്വതം പോലെയുള്ള സമസ്യയും പർവ്വതമല്ല, പകരം പഞ്ഞിക്ക് സമാനമായി അനുഭവം ചെയ്യുന്നു. കല്ലും വെള്ളത്തിനു സമാനമായി അനുഭവം ചെയ്യുന്നു. ഏതുപോലെയാണോ ഇന്ന് വിശേഷമായും സ്നേഹത്തിന്റെ വായുമണ്ഡലത്തിൽ ഇരുന്നത്, അനുഭവം ചെയ്തു പരിശ്രമം ആയിരുന്നോ അതോ വിനോദമായിരുന്നോ!

ഇന്ന് എല്ലാവർക്കും സ്നേഹത്തിന്റെ അനുഭവം ഉണ്ടല്ലോ! സ്നേഹത്തിൽ ലയിച്ചിരിക്കുകയായിരുന്നോ? എല്ലാവരും ലയിച്ചിരുന്നോ! ഇന്ന് പ്രയത്നത്തിന്റെ അനുഭവം ഉണ്ടായിരുന്നോ? ഏതെങ്കിലും കാര്യത്തിൽ പ്രയത്നത്തിന്റെ അനുഭവം ഉണ്ടായോ? എന്ത് എന്ത് കൊണ്ട്, എങ്ങനെ എന്നുള്ള സങ്കൽപം ഉണ്ടായോ? സ്നേഹത്തിൽ എല്ലാം മറക്കുന്നു . ബാപ്ദാദയും പറയുകയാണ് ബാബയുടെ ഈ സ്നേഹം മറക്കരുത്. സ്നേഹത്തിന്റെ സാഗരം കിട്ടിയിരിക്കുകയാണ്, നല്ലവണ്ണം പറക്കൂ. എപ്പോഴെങ്കിലും ഏതെങ്കിലും പ്രയത്നത്തിന്റെ അനുഭവം ഉണ്ടാകുമ്പോൾ, കാരണം മായ ഇടയ്ക്കിടയ്ക്ക് പേപ്പർ നൽകും, ആ സമയത്ത് സ്നേഹത്തിന്റെ അനുഭവത്തെ ഓർമ്മിക്കൂ. അപ്പോൾ പരിശ്രമം സ്നേഹമായി പരിവർത്തനമാകും. അനുഭവം ചെയ്ത് നോക്കൂ. എന്താണ്, തെറ്റ് എന്താണ് വരുന്നത്! ആ സമയത്ത് എന്ത്, എന്തുകൊണ്ട് . . . . ഇതിലേക്ക് കൂടുതൽ പേരും പോകുന്നു. വരുന്നവർ പോകുകയും ചെയ്യും, എന്നാൽ പോകുന്നത് എങ്ങനെയാണ്? സ്നേഹത്തെ ഓർമ്മിക്കുമ്പോൾ പരിശ്രമം പോകും, പല സമയത്തും എല്ലാവർക്കും ബാപ്ദാദ രണ്ട് പേരുടെയും സ്നേഹത്തിന്റെ അനുഭവം ഉണ്ടല്ലോ. അനുഭവം ഇല്ലേ! എപ്പോഴെങ്കിലും ചെയ്തിട്ടുണ്ടാകുമല്ലോ, ഇപ്പോഴും ഇല്ലെങ്കിലും ഇടയ്ക്കൊക്കെ ചെയ്തിട്ടില്ലേ. ആ സമയത്തെ ഓർമ്മിക്കൂ ബാബയുടെ സ്നേഹം എന്താണ്! ബാബയുടെ സ്നേഹത്തിലൂടെ എന്തെല്ലാം അനുഭവം ചെയ്തു! സ്നേഹത്തിന്റെ സ്മൃതിയിൽ കൂടി പരിശ്രമം ഇല്ലാതാകും, ബാപ്ദാദയ്ക്ക് ഏതെങ്കിലും കുട്ടിയുടെ പരിശ്രമത്തിന്റെ സ്ഥിതി ഇഷ്ടമില്ല. എന്റെ കുട്ടികളും പരിശ്രമവും! എപ്പോൾ പ്രയത്നത്തിൽ നിന്ന് മുക്തമാക്കും? ഈ സംഗമയുഗത്തിലാണ് പരിശ്രമത്തിൽ നിന്ന് മുക്തമായി ആഹ്ലാദത്തോടെ ഇരിക്കാൻ കഴിയുന്നത്. ആഹ്ലാദമില്ല എങ്കിൽ ഏതെങ്കിലുമൊക്കെ ഭാരം ബുദ്ധിയിലുണ്ട്, ബാബ പറയുകയാണ് ഭാരം എനിക്ക് നൽകൂ. ഞാൻ എന്ന ഭാവം മറന്ന് ട്രസ്റ്റി ആകൂ. ഉത്തരവാദിത്വവും ബാബയ്ക്ക് നൽകൂ, സ്വയം ഹൃദയത്തിൽ സത്യതയുള്ള കുട്ടികളായി, കഴിക്കൂ, കളിക്കൂ, ആഹ്ലാദത്തോടെ ഇരിക്കൂ, ഈ സംഗമയുഗം എല്ലാ യുഗത്തിനെക്കാളും ആഹ്ലാദം നിറഞ്ഞ യുഗമാണ്. ഈ ആഹ്ലാദത്തിന്റെ യുഗത്തിൽ ആഹ്ലാദത്തോടെ ഇരുന്നില്ലെങ്കിൽ പിന്നെ എപ്പോൾ ഇരിക്കും?കുട്ടികൾ ഭാരം എടുത്ത് വളരെയധികം പ്രയത്നിക്കുന്നത് ബാപ്ദാദ കാണുമ്പോൾ, നൽകുന്നില്ല, സ്വയം തന്നെ എടുക്കുന്നു, ബാബയ്ക്ക് സഹതാപം തോന്നും, ദയ തോന്നും. ആഹ്ലാദിക്കേണ്ട സമയത്ത് പരിശ്രമിക്കുന്നു! സ്നേഹത്തിൽ ലയിച്ചിരിക്കൂ, സ്നേഹത്തിന്റെ സമയത്തെ ഓർമ്മിക്കൂ. ഓരോരുത്തർക്കും ഏതെങ്കിലുമൊക്കെ സമയത്ത് വിശേഷമായി സ്നേഹത്തിന്റെ അനുഭവം ഉണ്ടാകാറുണ്ട് , ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ഉണ്ടായിട്ടുള്ളത് ബാബയ്ക്കറിയാം, പക്ഷെ സമയത്ത് ഓർമ്മിക്കുന്നില്ല. പരിശ്രമം മാത്രം നോക്കുന്നു, കുടുങ്ങിപ്പോകുന്നു. ഇന്നും അമൃതവേളമുതൽ ഇപ്പോൾ വരെ രണ്ടു അധികാരത്തിന്റെയും സ്നേഹം ഹൃദയം കൊണ്ട് അനുഭവിച്ചു, ഇന്നത്തെ ദിവസത്തെ ഓർമ്മിക്കുകയാണെങ്കിൽ സ്നേഹത്തിന്റെ മുന്നിൽ പരിശ്രമം സമാപ്തമാകും.

ഇപ്പോൾ ബാപ്ദാദ ഈ വർഷത്തിൽ ഓരോ കുട്ടിയേയും സ്നേഹയുക്തരും, പരിശ്രമങ്ങളിൽ നിന്ന് മുക്തമായവരും ആയി കാണാനാണ് ആഗ്രഹിക്കുന്നത്. പരിശ്രമത്തിന്റെ പേരോ അടയാളമോ പോലും ഹൃദയത്തിലോ ജീവിതത്തിലോ ഉണ്ടാകരുത്. സാധിക്കുമോ?സാധിക്കുമോ? ആരാണോ ചെയ്തേ തീരൂ എന്ന് കരുതുന്നവർ, ധൈര്യമുള്ളവർ കൈ ഉയർത്തൂ. ഇന്ന് പ്രത്യകമായി അങ്ങനെയുള്ള ഓരോ കുട്ടികൾക്കും പരിശ്രമത്തിൽ നിന്ന് മുക്തമാകുന്നതിന്റെ ബാബയുടെ വിശേഷ വരദാനമാണ്. സ്വീകാര്യമാണോ? പിന്നെ എന്തെങ്കിലും വന്നു പോയാൽ എന്ത് ചെയ്യും? എന്ത് എന്ത് കൊണ്ട് എന്ന് പറയില്ലല്ലോ? സ്നേഹത്തിന്റെ സമയത്തെ ഓർമ്മിക്കണം. അനുഭവം ഓർമ്മിക്കണം. അനുഭവത്തിൽ ലയിച്ചിരിക്കണം. നിങ്ങളുടെ പ്രതിജ്ഞയാണ്. ബാബയും കുട്ടികളോട് ചോദ്യം ചോദിക്കുകയാണ്, നിങ്ങളുടെയെല്ലാം പ്രതിജ്ഞയാണ് ബാബയിലൂടെ 21 ജന്മങ്ങളിലേക്ക് ജീവൻ മുക്ത അവസ്ഥയുടെ

പദവി പ്രാപ്തമാക്കികൊണ്ടിരിക്കുന്നു, ഇനിയും പ്രാപ്തമാക്കും, ജീവന്മുക്തമാകുന്നതിൽ പരിശ്രമം ഉണ്ടാകുന്നുണ്ടോ? 21 ജന്മങ്ങളിൽ ഒരു ജന്മം സംഗമത്തിന്റേതാണ്. നിങ്ങളുടെ പ്രതിജ്ഞ 21 ജന്മങ്ങളുടേതാണ്, 20 ജന്മത്തിന്റേതല്ല. അതിനാൽ ഇപ്പോൾ മുതൽ തന്നെ പരിശ്രമത്തിൽ നിന്ന് മുക്തമാകൂ അർത്ഥം ജീവന്മുക്തവും നിശ്ചിന്ത ചക്രവർത്തിയും. ഇപ്പോഴത്തെ സംസ്ക്കാരം ആത്മാവിൽ 21 ജന്മങ്ങളിൽ ഇമെർജ്ജ് ആയിരിക്കും. 21 ജന്മങ്ങളിലേക്കുള്ള സമ്പത്ത് നേടിയില്ലേ! അതോ ഇപ്പോൾ നേടണമോ?ദയവായി ശ്രദ്ധിക്കൂ പരിശ്രമത്തിൽ മുക്തമാകൂ, സന്തുഷ്ടമായിരിക്കുകയും സന്തുഷ്ടമാക്കുകയും ചെയ്യണം. ഇരിക്കുക മാത്രമല്ല, ആക്കുകയും വേണം. അപ്പോൾ പരിശ്രമത്തിൽ നിന്ന് മുക്തമാക്കും. അല്ലെങ്കിൽ ദിവസവും ഏതെങ്കിലുമൊക്കെ ഭാരത്തിന്റെ കാര്യങ്ങൾ, പരിശ്രമത്തിന്റെ കാര്യങ്ങൾ, എന്ത് എന്ത്കൊണ്ട് എന്ന ഭാഷയിൽ വരും. ഇപ്പോൾ സമയത്തിന്റെ സമീപത കാണുന്നുണ്ടോ, ഏതുപോലെ സമയത്തിന്റെ സമീപത ആയികൊണ്ടിരിക്കുന്നു, അതുപോലെ നിങ്ങൾ എല്ലാവരും ബാബയോടൊപ്പം സമീപതയുടെ അനുഭവം വർധിപ്പിക്കണം. ബാബയുമായി നിങ്ങൾക്കുള്ള സമീപത സമയത്തിന്റെ സമീപത സമാപ്തമാക്കും. കുട്ടികളായ നിങ്ങൾക്കെല്ലാവർക്കും ആത്മാക്കളുടെ ദുഖത്തിന്റെയും അശാന്തിയുടയും ശബ്ദം കാതുകളിൽ കേൾക്കുന്നുണ്ടോ! നിങ്ങൾ തന്നെയാണ് പൂർവ്വജരും പൂജ്യരും. ഹേ പൂർവ്വജ ആത്മാക്കളെ ഹേ പൂജ്യ ആത്മാക്കളെ, എപ്പോൾ വിശ്വമംഗളത്തിന്റെ കാര്യം പൂർത്തിയാക്കും?

ബാപ്ദാദ വാർത്തകളിൽ കണ്ടതാണ്, ഓരോ വിഭാഗങ്ങളിൽ ഉള്ളവരും അവരവരുടെ മീറ്റിംഗ് ചെയ്യുന്നുണ്ട്, പ്ലാൻ ഉണ്ടാക്കുന്നുണ്ട്, വിശ്വമംഗളത്തിന്റെ ഗതി എങ്ങനെ തീവ്രമാക്കാം?വളരെ നല്ല പ്ലാനുകൾ ഉണ്ടാക്കുന്നുണ്ട്, എന്നാൽ ബാപ്ദാദ ചോദിക്കുകയാണ് ഒടുവിൽ എപ്പോൾ വരെയാണ്?ഇതിന്റെ ഉത്തരം ദാദിമാർ നൽകും ഒടുവിൽ എപ്പോൾ വരെയാണ്? പാണ്ഡവർ നൽകും എപ്പോൾ വരെയാണ്? ബാബയുടെ പ്രത്യക്ഷത ഉണ്ടാകണം, ഇതാണ് എല്ലാ വിഭാഗത്തിലെയും പ്ലാൻ ഉണ്ടാക്കുന്നതിൽ ലക്ഷ്യം വയ്ക്കുന്നത്. പ്രത്യക്ഷത ഉണ്ടാകുക ദൃഢ പ്രതിജ്ഞയിലൂടെയാണ്. പ്രതിജ്ഞയിൽ ദൃഢത, ചിലപ്പോൾ ഏതെങ്കിലും കാരണം കൊണ്ടോ കാര്യങ്ങൾ കൊണ്ടോ ദൃഢത കുറയുന്നു. വളരെ നല്ലതായി പ്രതിജ്ഞ ചെയ്യുന്നുണ്ട്, അമൃതവേളയിൽ നിങ്ങൾക്ക് കേൾക്കാൻ കഴിയുമെങ്കിൽ, ബാപ്ദാദ കേൾക്കുന്നതാണ്, നിങ്ങളുടെയടുത്ത് ഇപ്പോൾ എല്ലാവരുടെയും ഹൃദയത്തിലെ ശബ്ദം കേൾക്കാൻ കഴിയുന്ന സയൻസിന്റെ സാധനങ്ങൾ തന്നിട്ടില്ല. ബാപ്ദാദ കേൾക്കുന്നുണ്ട്, പ്രതിജ്ഞയുടെ മാലകൾ, സങ്കല്പത്തിന്റെ കാര്യങ്ങൾ ഇത്രയും മനസ്സ് സന്തോഷിപ്പിക്കുന്ന നല്ല നല്ല കാര്യങ്ങളാണ് പറയുന്നത് ആഹാ കുട്ടികളെ ആഹാ! എന്തൊക്കെയാണ് ചെയ്യുന്നതെന്ന് കേൾപ്പിക്കട്ടെ! കർമ്മത്തിൽ വരുമ്പോൾ മുരളി വരേയ്ക്കും 75 ശതമാനം ശരിയാണ്. എന്നാൽ കർമ്മയോഗത്തിൽ വരുമ്പോൾ അതിൽ വ്യത്യാസം വരുന്നു. ചില സംസ്ക്കാരം, ചില സ്വഭാവങ്ങൾ, സ്വഭാവവും സംസ്ക്കാരവും നേരെ വരുന്നു , അതിൽ പ്രതിജ്ഞ ദൃഢമാകുന്നതിനു പകരം സാധാരണമാകുന്നു. ദൃഢതയുടെ ശതമാനം കുറയുന്നു.

ബാപ്ദാദ കുട്ടികളുടെ ഒരു കളി കണ്ടിട്ട് സന്തോഷിക്കുന്നു, ഏത് കളിയാണ് ചെയ്യുന്നത്, പറയട്ടെ?ബാപ്ദാദയ്ക്ക് കളി കാണുമ്പോൾ ദയവ് തോന്നുന്നു, ആഹ്ളാദം തോന്നുന്നില്ല, ബാപ്ദാദ കാണുന്നു കുട്ടികൾ തന്റെ കാര്യം മറ്റുള്ളവരുടെ മേൽ വയ്ക്കുന്നതിൽ വളരെ സമർത്ഥരാണ്. ഏത് കളിയാണ് ചെയ്യുന്നത്? കാര്യങ്ങൾ ഉണ്ടാക്കുന്നു. ചിന്തിക്കുന്നു ആരാണ് കാണുന്നത്! ഞാൻ അറിയും എന്റെ ഹൃദയത്തിനറിയാം. ബാബയാണെങ്കിൽ പരന്ധാമിലും സൂക്ഷ്മ വതനത്തിലുമാണ് ഉള്ളത്. ആരോടെങ്കിലും ഇത് ചെയ്യരുത് എന്ന് പറഞ്ഞാൽ, എന്ത് കളിയാണ് ചെയ്യുന്നത്, അറിയാമോ? സംഭവിച്ചതാണ് പക്ഷെ . . . . പക്ഷെ തീർച്ചയായും ചേർക്കുന്നു. പക്ഷെ എന്താണ്? അങ്ങനെയല്ലേ, അങ്ങനെ ചെയ്തില്ലേ, അങ്ങനെയുണ്ടാകില്ലേ, അപ്പോൾ സംഭവിച്ചതാണ്, ഞാൻ ചെയ്തില്ല, അങ്ങനെ വന്നതിനാൽ അപ്പോൾ. ഇപ്പോൾ ഇവർ ചെയ്തു, അതിനാൽ ചെയ്തു. ഇല്ലെങ്കിൽ ഞാൻ ചെയ്യുന്നില്ല, ഇത് എന്തായി? സ്വന്തം തിരിച്ചറിവിന്റെയും അനുഭവത്തിന്റെയും കുറവ്. ശരി അവർ ഇങ്ങനെ ചെയ്തു അപ്പോഴാണ് താങ്കൾ ചെയ്തത് എന്ന് ഇരിക്കട്ടെ, വളരെ നല്ലത്. ആദ്യത്തെ നമ്പർ അവരായി താങ്കൾ രണ്ടാമത്തേതായി സമ്മതമാണല്ലോ. ബാബ ഇതും സമ്മതിക്കുന്നു, നിങ്ങൾ ആദ്യത്തേതല്ല, രണ്ടാമത്തേതാണ്, പക്ഷെ നിങ്ങൾ ചിന്തിക്കുകയാണ് ആദ്യം ചെയ്തവർ പരിവർത്തനം ചെയ്താൽ ഞാൻ നേരെയാകും, ശരിയല്ലേ? ആ സമയത്ത് ഇതല്ലേ ചിന്തിക്കുന്നത്. ആദ്യത്തെ നമ്പർ പരിവർത്തനം ചെയ്തെങ്കിൽ ഒന്നാം സ്ഥാനം ആർക്ക് കിട്ടും. നിങ്ങൾക്ക് ഒന്നാം സ്ഥാനം കിട്ടില്ല. പരിവർത്തനത്തിന്റെ ശക്തിയിൽ നിങ്ങൾ ഒന്നാമത്തെ നമ്പറിൽ ഉണ്ടാകില്ല. ഒന്നാം സ്ഥാനം നിങ്ങൾ അവർക്ക് കൊടുത്തതിനാൽ നിങ്ങളുടെ സ്ഥാനം ഏതാണ്? രണ്ടാമത്തെ സ്ഥാനമായി. നിങ്ങളോടു രണ്ടാമത്തെ സ്ഥാനമാണ് എന്ന് പറഞ്ഞാൽ സമ്മതിക്കുമോ . സമ്മതമാണോ? പറയും ഇല്ല, അങ്ങനെയായിരുന്നു, ഇങ്ങനെയായിരുന്നു, എങ്ങനെയായിരുന്നു . . . ഈ ഭാഷ കൂടുതൽ കളിക്കുന്നുണ്ട്. അങ്ങനെ, ഇങ്ങനെ, എങ്ങനെ ഈ കളി സമാപ്തമാക്കി എനിക്ക് പരിവർത്തനമാകണം. ഞാൻ പരിവർത്തനമായി മറ്റുള്ളവരെ പരിവർത്തനം ചെയ്യാൻ സാധിക്കില്ലെങ്കിൽ ശുഭ ഭാവനയും ശുഭ കാമനയും വയ്ക്കാൻ സാധിക്കുമോ! അത് നിങ്ങളുടെ

സ്വന്തം വസ്തുവല്ലേ! എങ്കിൽ എനിക്ക് ഹേ അർജ്ജുനൻ ആകണം. വിശ്വത്തിലെ ആദ്യത്തെ രാജ്യധാരികളായ ലക്ഷ്മീ നാരായണന്റെ സമീപത്ത് നിങ്ങൾക്ക് വരണമോ അതോ രണ്ടാമത്തെ നമ്പറിലുള്ളവർ വരണമോ?
ഈ വർഷത്തിൽ ബാപ്ദാദയുടെ ആശ ഇതാണ്, എല്ലാ ബ്രാഹ്മണ ആത്മാക്കൾ, ബ്രഹ്മകുമാർ ബ്രഹ്മകുമാരിമാർ ഈ ബാഡ്ജ് ധരിക്കുന്നതു പോലെ , എല്ലാവരും ധരിക്കാറില്ലേ! ഇവിടെ വരുമ്പോൾ നിങ്ങൾക്ക് ബാഡ്ജ് കിട്ടുമല്ലോ, പേപ്പറിന്റേതോ, സ്വർണ്ണത്തിന്റെയോ, വെള്ളിയുടേതോ ആകാം. ഇവിടെ ബാഡ്ജ് ധരിക്കുന്നതുപോലെ ഹൃദയത്തിൽ, മനസ്സിൽ ഈ ബാഡ്ജ് ധരിക്കണം, എനിക്ക് പരിവർത്തനമാകണം. എനിക്ക് നിമിത്തമാകണം. ഇവർ മാറിയാൽ, ഈ കാര്യം മാറട്ടെ, ഈ വ്യക്തി മാറട്ടെ, ഈ സാഹചര്യം മാറട്ടെ, എന്നല്ല. ഞാൻ മാറണം. കാര്യങ്ങൾ വരും, നിങ്ങൾ ഉയരങ്ങളിലേക്കാണ് പോകുന്നത്, ഉയർന്ന സ്ഥാനത്ത് വരുന്ന സമസ്യകളും ഉയർന്നതായിരിക്കും! ഏതുപോലെ ഇന്ന് നമ്പർവാർ ആയി യഥാ ശക്തിക്കനുസരിച്ച് സ്നേഹത്തിന്റെ സ്മൃതിയുടെ വായുമണ്ഡലം ആയിരുന്നു. അതുപോലെ നമ്മുടെ മനസ്സിൽ സദാ സ്നേഹത്തിൽ ലൗലീനമായിരിക്കുന്നതിന്റെ വായുമണ്ഡലം സദാ ഇമെർജ്ജ് ആക്കിവയ്ക്കൂ.
ബാപ്ദാദയുടെ അടുത്ത് വളരെ നല്ല വാർത്തകളാണ് വരുന്നത്. സങ്കൽപം വരെ വളരെ നല്ലതാണ്. സ്വരൂപത്തിൽ വരുമ്പോൾ യഥാ ശക്തിയാകുന്നു. ഇപ്പോൾ രണ്ട് നിമിഷത്തേക്ക് എല്ലാവരും പരമാത്മ സ്നേഹം, സംഗമയുഗത്തിന്റെ ആത്മീയ ആഹ്ലാദത്തിന്റെ സ്ഥിതിയിൽ സ്ഥിതി ചെയ്യൂ. (ഡ്രിൽ)ശരി ഈ അനുഭവം ഓരോ ദിവസവും ആവർത്തിച്ച് സമയമനുസരിച്ച് അനുഭവം ചെയ്തുകൊണ്ടിരിക്കണം. സ്നേഹം ഉപേക്ഷിക്കരുത്. സ്നേഹത്തിൽ ലയിച്ച് ചേരാൻ പഠിക്കൂ. ശരി.
നാനാഭാഗത്തുമുള്ള യോഗയുക്തരും, യുക്തിയുക്തരും, രഹസ്യയുക്തരും, സ്വയം രഹസ്യത്തെ മനസിലാക്കി, തൃപ്തരാക്കുകയും തൃപ്തരാകുകയും ചെയ്യുന്ന, സ്വയം തൃപ്തിയുള്ളവരായിരിക്കുക മാത്രമല്ല തൃപ്തരാക്കുകയും വേണം, അങ്ങനെ സദാ സ്നേഹ സാഗരത്തിൽ ലൗലീനരായിരിക്കുന്ന കുട്ടികൾക്ക്, സദാ ബാബയ്ക്ക് സമാനരാകുന്ന തീവ്ര പുരുഷാർത്ഥികളായ കുട്ടികൾക്ക്, സദാ അസംഭവമായതിനെയും സഹജമായി സംഭവമാക്കുന്ന ശ്രേഷ്ഠ ആത്മാക്കൾക്ക്, സദാ ബാബയുടെ കൂടെയിരിക്കുന്ന ബാബയുടെ സേവനത്തിൽ കൂട്ടുകാരായിരിക്കുന്ന അങ്ങനെയുള്ള വളരെ ഭാഗ്യശാലികളും, സ്നേഹികളുമായ കുട്ടികൾക്ക് ഇന്നത്തെ അവ്യക്ത ദിവസത്തിന്റെ, അവ്യക്ത ഫരിശ്ത സ്വരൂപത്തിന്റെ സ്നേഹസ്മരണകളും ഹൃദയത്തിന്റെ ആശിർവ്വാദങ്ങൾ. ശരി.

## വരദാനം:- ഓർമ്മയുടെ മാന്ത്രികമന്ത്രത്തിലൂടെ സർവ്വ സിദ്ധികളും പ്രാപ്തമാക്കുന്ന സിദ്ധി സ്വരൂപമായി ഭവിക്കട്ടെ.

ബാബയുടെ ഓർമ്മ തന്നെയാണ് മാന്ത്രികമന്ത്രം, ഈ മാന്ത്രികമന്ത്രത്തിലൂടെ ഏതു സിദ്ധിയാണോ ആഗ്രഹിക്കുന്നത് അത് പ്രാപ്തമാക്കാൻ കഴിയും. ഏതുപോലെ സ്ഥൂലത്തിൽ ഏതെങ്കിലും കാര്യത്തിന്റെ സിദ്ധിക്ക് വേണ്ടി മന്ത്രം ജപിക്കും, അതുപോലെ ഇവിടെയും ഏതെങ്കിലും കാര്യത്തിന്റെ സിദ്ധി വേണമെങ്കിൽ ഈ ഓർമ്മയുടെ മഹാ മന്ത്രം തന്നെ സിദ്ധി സ്വരൂപമാണ്. ഈ മാന്ത്രികമന്ത്രം സെക്കന്റിൽ പരിവർത്തനമാക്കുന്നു. ഇത് സദാ സ്മൃതിയിൽ വയ്ക്കുകയാണെങ്കിൽ സിദ്ധി സ്വരൂപമായി മാറും എന്തുകൊണ്ടെന്നാൽ ഓർമ്മയിലിരിക്കുക വലിയ കാര്യമല്ല, സദാ ഓർമ്മയിലിരിക്കണം ഇതാണ് വലിയ കാര്യം, ഇതിലൂടെ സർവ്വ സിദ്ധികളും പ്രാപ്തമാകുന്നു.

## സ്ലോഗൻ:- സെക്കൻഡിൽ വിസ്താരത്തിനെ സാര സ്വരൂപമായി ലയിച്ചു ചേർക്കുന്നതിന്റെ അർത്ഥം അന്തിമ സർട്ടിഫിക്കറ്റ് നേടുക.

**അവ്യക്ത സൂചന- അശരീരിയുടെയും വിദേഹി സ്ഥിതിയുടെയും അഭ്യാസം വർധിപ്പിക്കൂ.**
ഏതുപോലെയാണോ ശരീരത്തിന്റെ വസ്ത്രം സഹജമായി മാറ്റുന്നത്, അതുപോലെ ഈ ശരീരമാകുന്ന വസ്ത്രവും സഹജമായി മാറാൻ കഴിയണം, സഹജമായി സമയത്ത് ധരിക്കാൻ കഴിയണം, ഇതിന്റെ അഭ്യാസം വേണം. വസ്ത്രം ബുദ്ധിമുട്ടിക്കുന്നതോ ഇറുക്കമുള്ളതോ ആണെങ്കിൽ സഹജമായി മാറാൻ സാധിക്കില്ല. അത്പോലെ ഈ ശരീരമാകുന്ന വസ്ത്രം ഏതെങ്കിലും സംസ്കാരത്തിൽ ഒട്ടിയിരിക്കുന്നതോ, ഇറുകിയതോ ആകരുത്. അതിനായി എല്ലാ കാര്യങ്ങളിലും അനായാസമായിരിക്കൂ, അനായാസമായിരുന്നാൽ എല്ലാ കാര്യങ്ങളും ഈസി ആകും. എത്രത്തോളം പഴയ സംസ്കാരങ്ങളിൽ നിന്ന് വേറിട്ടതായിരിക്കുന്നോ അത്രയും അവസ്ഥ വേറിട്ടത് അർത്ഥം വിദേഹി സഹജമായി ആയിത്തീരും.